LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം വർദ്ധിപ്പിക്കുക.

2. അങ്കണവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.

3. അങ്കണവാടിജീവനക്കാർക്ക് ESI, PF എന്നിവ ഏർപ്പെടുത്തുക.

(ബി) ആവശ്യങ്ങൾ പരിശോധിച്ചുവരുന്നു.

(സി) അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം 2016 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വർക്കർമാർക്ക് 10,000 രൂപയായും ഹെൽപ്പർമാർക്ക് 7,000 രൂപയായും വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ദരിദ്രരുടെ ഭവന പദ്ധതി

231 (3071) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദരിദ്രരുടെ ഭവന പദ്ധതിപ്രകാരം എത്ര രൂകയുടെ സഹായ പദ്ധതികളാണ് ഈ വർഷം സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കോടി രൂപ ചെലവാക്കിയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പ് മുഖാന്തരം നടത്തുന്ന ഐ.എ.വൈ. പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷത്തിൽ 59060 ഗുണഭോക്താക്കൾക്കായി 1504.105 കോടി രൂപയുടെ ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 31-1-2016 വരെ 387.18 കോടി രൂപ അധിക സംസ്ഥാന വിഹിതം ഉൾപ്പെടെ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

ശിശുസൗഹൃദ അംഗനവാടികൾ

232 (3072) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ ഉൾപ്പെടുത്തി ശിശുസൗഹൃദ അംഗനവാടികൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്ര പദ്ധതിയിൽ എത്ര പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) എല്ലാ പഞ്ചായത്തുകളിലും ഇത്തരം അംഗൻവാടികൾ നിർമ്മിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്;

(സി) ഈ പദ്ധതിയ്ക്കാവശ്യമായ അധിക തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പദ്ധതി വിജയത്തിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ശിശുസൗഹൃദ അംഗനവാടികൾ നിർമ്മിക്കുന്നതിന് സാമൂഹിക നീതി വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഇതര വകുപ്പുകളുമായി സമന്വയിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകളിൽ അംഗനവാടി കേന്ദ്രങ്ങളുടെ നിർമ്മാണത്തിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി

233 (3073) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പ് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ജൻമനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം

LIBRARY ARCHIVES Kerala Legislative Assembly